# കേരള സംഗീത നാടക അക്കാദമി

## കേളീ പുരസ്കാരം

നിബന്ധനകൾ

1. ഈ പുരസ്കാരം കേരള സംഗീത നാടക അക്കാദമി **കേളീ പുരസ്കാരം** എന്നായിരിക്കും അറിയപ്പെടുക.
2. കേരള സംഗീത നാടക അക്കാദമിയുമായി അഫിലിയേറ്റ് ചെയ്ത സംഘടനകൾക്ക് മാത്രമേ ഈ പുരസ്കാര ത്തിന് അപേക്ഷിക്കാൻ അർഹതയുണ്ടാവുകയുള്ളു.
3. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് യഥാക്രമം 50,000 രൂപ, 30,000 രൂപ, 20,000 രൂപ എന്ന തോതിൽ കാഷ് പ്രൈസും, സർട്ടിഫിക്കറ്റും, മെമന്റോയും ആയിരിക്കും പുരസ്കാരങ്ങൾ. വർഷംതോറും അക്കാദമി സംഘ ടിപ്പിക്കുന്ന പ്രത്യേക ചടങ്ങിൽവെച്ചു പുരസ്കാരങ്ങൾ സമർപ്പിക്കുന്നതാണ്.
4. നാടകം, സംഗീതം, നൃത്തം, കഥകളി, കൂടിയാട്ടം, നാടൻകലകൾ, കഥാപ്രസംഗം, മാജിക് എന്നിങ്ങനെ വിവിധ കലാവിഭാഗങ്ങളിൽ ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ പരിപാടികൾ മികവോടെ സംഘടിപ്പിക്കുന്ന മൂന്നു സമിതികൾക്കാണ് പുരസ്കാരം നല്കുന്നത്. കലാസംബന്ധമായ വിഷയങ്ങളെ ആധാരമാക്കി നടത്ത പ്പെടുന്ന ചർച്ചകളും സെമിനാറുകളും പരിപാടികളിൽപ്പെടുന്നതാണ്.
5. പുരസ്കാര പരിഗണനക്ക് സമർപ്പിക്കപ്പെടുന്ന എല്ലാ പരിപാടികൾക്കും പ്രവേശനം സൗജന്യമായിരിക്കണം.
6. സമിതി ആസ്ഥാനത്ത് എല്ലാ വർഷവും വിവിധ പരിപാടികളോടെ വാർഷികാഘോഷം നടത്തുകയും സമിതി പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
7. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനകളെ പ്രതിഫലം കൊടുത്തു വിളിച്ചുവരുത്തി അവത രിപ്പിക്കുന്ന പരിപാടികളെ അവാർഡു നിർണ്ണയത്തിൽ പരി ഗണിക്കുന്നതല്ല.
8. സംഘടിപ്പിക്കുന്ന പരിപാടികളിലൂടെ സമിതി സ്ഥിതിചെയ്യുന്ന പ്രദേശത്തെ വിവിധ രംഗങ്ങളിലുള്ള കലാകാര ന്മാരെ വളർത്തിക്കൊണ്ടുവരുന്നതിൽ കാണിക്കുന്ന ശ്രദ്ധ അവാർഡു നിർണ്ണയത്തിൽ സവിശേഷ യോഗ്യത യായി പരിഗണിക്കും. കലാസാംസ്കാരിക പ്രവർത്തനങ്ങളിലെ എണ്ണത്തോടും മികവിനോടും ഒപ്പം അക്കാദമി/കേന്ദ്ര കലാസമിതി പ്രവർത്തനങ്ങളിലെ പങ്കാളിത്തം സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവക്കും പ്രോത്സാഹകമായ പരിഗണന നൽകുന്നതാണ്.
9. അക്കാദമി ചെയർമാൻ, എക്സിക്യൂട്ടീവിൽനിന്നും ജനറൽ കൗൺസിൽനിന്നും ഓരോ അംഗം,സെക്രട്ടറി എന്നിവരടങ്ങുന്ന നാലംഗസമിതിയായിരിക്കും വിധികർത്താക്കൾ. വർഷംതോറും പുരസ്കാരത്തിനായി അയച്ചു കിട്ടുന്ന അപേക്ഷകൾ പരിശോധിച്ചു വിശ്വാസ്യത ബോദ്ധ്യപ്പെട്ടതിനുശേഷം വിധികർത്താക്കൾ വിജയികളെ തെരഞ്ഞെടുക്കും. വിധികർത്താക്കളുടെ തീരുമാനം അന്തിമമാണ്.
10. അക്കാദമിയുടെ ഏതെങ്കിലും അഭ്യുദയകാംക്ഷിയോ സ്പോൺസറോ ഇതിനുവേണ്ടിയുള്ള സമ്മാന ത്തുക സ്പോൺസർ ചെയ്യുകയാണെങ്കിൽ ആയത് സ്വീകരിക്കാവുന്നതും പുരസ്കാരത്തിന്റെ സാക്ഷ്യപത്ര ത്തിലും ഫലകത്തിലും സ്പോൺസറുടെ പേരുകൂടി രേഖപ്പെടുത്താവുന്നതുമാണ്.
11. അപേക്ഷാഫോറം അക്കാദമിയിൽനിന്നും ആവശ്യക്കാർക്ക് ലഭിക്കും. പൂരിപ്പിച്ച അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.
    1. പരിപാടി നടത്തിയതിനുള്ള രേഖകൾ.
    2. ഭരണഘടനയുടെ കോപ്പി.
    3. വർഷാന്ത ജനറൽബോഡി അംഗീകരിച്ച വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കും മുഖ്യ ഭാരവാഹികളുടെ പേരു വിവരങ്ങളും.
    4. സംഘടനയുടെ പ്രാഗത്ഭ്യം വെളിപ്പെടുത്തുന്ന മറ്റെന്തെങ്കിലും രേഖകളുണ്ടെങ്കിൽ അവയുടെ പകർപ്പ് (സമ്മാനങ്ങൾ നേടിയതിന്റെ സർട്ടിഫി ക്കറ്റുകൾ, പത്രവാർത്തകൾ തുടങ്ങിയവ).
12. അക്കാദമി വർഷംതോറും അപേക്ഷകൾ പത്രദ്വാരാ ക്ഷണിക്കും. നിശ്ചിത തീയതിക്കു മുമ്പ് ഓഫീസിൽ കിട്ടാത്ത അപേക്ഷകൾ സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷകൾ **സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശൂർ-20** എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

സെക്രട്ടറി

# കേരള സംഗീത നാടക അക്കാദമി

## കേളീ പുരസ്കാരം അപേക്ഷാഫോറം

1. സമിതിയുടെ പേരും മേൽവിലാസവും

2. അക്കാദമിയിൽ അഫിലിയേറ്റ് ചെയ്ത കൊല്ലം

3. രജിസ്റ്റർ നമ്പർ

4. ഏതെല്ലാം കലാവിഭാഗങ്ങളിൽ പ്രവർത്തിക്കുന്നു

5. നിബന്ധനകളിൽ പറഞ്ഞ എല്ലാ രേഖകളും ഹാജരാക്കിയിട്ടുണ്ടോ?

6. പ്രവർത്തനരേഖയുടെ സംക്ഷേപം

7. 2010 ജനുവരി 1 മുതൽ ഡിസംബർ 31 വരെ നടത്തിയ പരിപാടികൾ/പ്രവർത്തനങ്ങൾ.

   അ) അവയിലെ ജനപങ്കാളിത്തം

   ആ) ധനസ്രോതസ്സ്.

8. ആകെ അംഗങ്ങളുടെ എണ്ണം

9. അ) അംഗങ്ങളിൽ എത്രശതമാനം പരിപാടികളിൽ പങ്കെടുക്കുന്നു

   ആ). അംഗങ്ങളിൽ എത്രശതമാനം പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.

10. അ) കമ്മിറ്റി അംഗങ്ങളിൽ എത്രശതമാനം പരിപാടികളിൽ പങ്കെടുക്കുന്നു.

    ആ) കമ്മിറ്റി അംഗങ്ങളിൽ എത്രശതമാനം പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.

11. അ) 2010 വർഷത്തിൽ എത്ര കമ്മിറ്റിയോഗങ്ങൾ ചേർന്നു.

    ആ) എത്ര പൊതുയോഗം ചേർന്നു.

12. ജില്ലാകേന്ദ്രകലാസമിതി യോഗങ്ങളിലും അക്കാദമി പ്രവർത്തനങ്ങളിലും പങ്കെടുക്കാറുണ്ടോ. ഉണ്ടെങ്കിൽ ഏതൊക്കെ ?

......2.

13. സമിതിയുടെ മറ്റു പ്രവർത്തനങ്ങൾ.

14. ഈ വർഷത്തെ പ്രവർത്തനറിപ്പോർട്ട്, ഈ വർഷത്തെ വരവുചെലവുകണക്ക്, ഫോട്ടോകൾ, വാർത്തകൾ എന്നിവ അനുബന്ധമായി ചേർക്കുക

15. മറ്റെന്തെങ്കിലും വിവരങ്ങൾ രേഖപ്പെടുത്താനുണ്ടോ.

| | **പരിപാടി** | **നടത്തിയ തീയതി** | **ചെലവായ തുക** |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |
| 6. | | | |
| 7. | | | |

## സാക്ഷ്യപത്രം

അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തിയതി : സീല് സെക്രട്ടറിയുടെ പേരും ഒപ്പും

---

## ജില്ലാകേന്ദ്രകലാസമിതിയുടെ ശുപാർശ

(ഒപ്പ്)
പ്രസിഡണ്ട്

(ഒപ്പ്)
സെക്രട്ടറി

സ്ഥലം :
തിയതി :